ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനു് ഒരു പ്രത്യേക ഫണ്ടു്

* 786 [854] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനു് ഒരു പ്രത്യേക ഫണ്ടു് രൂപീകരിക്കുന്നതിനു് നിയമ നിർമ്മാണം നടത്തുവാൻ ഗവൺമെൻറിനു് ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിവരങ്ങൾ പറയാമോ;

(സി) ഇക്കാര്യത്തിനു് കേന്ദ്രസഹായം പ്രതീക്ഷിക്കുന്നുണ്ടോ?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ.കെ. പങ്കജാക്ഷൻ): (എ, ബി) ഇത്തരം ഒരു റോഡ് ഫണ്ടു് രൂപീകരിക്കണമെന്ന നിർദ്ദേശം ഉണ്ടെങ്കിലും നിയമനിർമ്മാണം നടത്താൻ ഇപ്പോൾ ഉദ്ദേശ്യമില്ല.

(സി) സെൻട്രൽ റോഡ് ഫണ്ടിൽനിന്നും ഇപ്പോഴത്തെ സഹായങ്ങൾ ലഭിക്കുന്നുണ്ടു്.

മിനിമം വേജസിൻെറ പട്ടികയിൽപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങൾ

* 787 [855] ശ്രീ. എ. വി. താമരാക്ഷൻ:

,, കല്ലട നാരായണൻ:

,, എസ്. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് മിനിമം വേജസിൻെറ പട്ടികയിൽപെടുത്തിയിട്ടുള്ള വ്യവസായങ്ങൾ എത്ര; അവയുടെ ലിസ്റ്റു് മേശപ്പുറത്തു് വയ്ക്കാൻ ദയവുണ്ടാകുമോ;

(ബി) മിനിമം വേജസിൻെറ പട്ടികയിൽപ്പെടുത്തിയിട്ടുള്ള വ്യവസായത്തിലെ, തൊഴിലാളികളുടെ മിനിമം വേജസ് എന്തെല്ലാമാണു് പുതുക്കി നിശ്ചയിച്ചതെന്നു വ്യക്തമാക്കുമോ;

(സി) മിനിമം വേജസ് പുതുക്കി നിശ്ചയിച്ചിട്ടു് അഞ്ചു കൊല്ലവും അതിൽ കൂടുതലും കഴിഞ്ഞിട്ടുള്ള എത്ര വ്യവസായങ്ങൾ ഉണ്ടെന്നും, ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും വ്യവസായത്തിൽ മിനിമം വേജസ് കമ്മിറ്റി റിപ്പോർട്ടു് സമർപ്പിച്ചിട്ടു് നടപ്പിലാക്കാതിരുന്നിട്ടുണ്ടോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ): (എ) വ്യവസായങ്ങൾ 39 എണ്ണം. ലിസ്റ്റു് അനുബന്ധം എ ആയി ചേർത്തിരിക്കുന്നു.†

(ബി) വിവരം ††അനുബന്ധം ബി ആയി ചേർത്തിരിക്കുന്നു.

(സി) 13 വ്യവസായങ്ങൾ ഉണ്ടു്. അവയുടെ ലിസ്റ്റു് †††അനുബന്ധം സി. ആയി ചേർത്തിരിക്കുന്നു.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly